(സി) (രൂപ കോടിയിൽ)

വർഷം	വർദ്ധനവ്	ശതമാനം
1995-1996	1292	14.65
1996-1997	1308	12.93
1997-1998	1447	12.67
1998-1999	2832	22.01
1999-2000	4476	28.51
2000-2001	3743	18.55
2001-2002	3031	12.67
2002-2003	4110	15.25
2003-2004*	6392	20.58

(ഡി) (രൂപ കോടിയിൽ)

വർഷം	തിരിച്ചടവ്	ജി.ഡി.പി. ശതമാനം
1995-1996	2502	6.45
1996-1997	2763	6.21
1997-1998	3483	7.04
1998-1999	6195	11.01
1999-2000	10224	16.35
2000-2001	11734	16.99
2001-2002	12785	16.78
2002-2003	17435	21.57
2003-2004**	17470	19.37

സംസ്ഥാന സർക്കാരിന്റെ പൊതുകടം

13 [188] ശ്രീ. കെ. പി. രാജേന്ദ്രൻ:
" എം. കുമാരൻ:
" ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇതുവരെയുള്ള പൊതുകടം എത്രയെന്നും 2001 മേയ് മുതൽ 2004 ഡിസംബർ വരെയുള്ള കാലയളവിലെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് സർക്കാർ കടം വാങ്ങിയിട്ടുള്ളത്;

(സി) 2001 മേയ് മാസത്തിനു മുമ്പുള്ള പൊതുകടം എത്രയെന്നും ഇതിൽ എത്ര സംഖ്യ തിരിച്ചടച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

---

* താൽക്കാലിക കണക്കുകൾ

** എ.ജി.-യുടെ താൽക്കാലിക കണക്കുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതു വിപണിയിൽ നിന്ന് ഇതുവരെയായി എത്ര കോടി രൂപ കടം എടുത്തിട്ടുണ്ട്; ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്ന് എത്ര കോടി രൂപ കടം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) 2001 മേയ് മുതൽ സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള കടത്തിൽ മൂലധന ചെലവുകൾക്ക് വിനിയോഗിച്ചിട്ടുള്ള സംഖ്യ എത്രയെന്ന് വിശദമാക്കാമോ;

(എഫ്) പൊതുകടം വർദ്ധിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇത് കുറച്ചു കൊണ്ടുവരാനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) പൊതുകടത്തിനായി ഓരോ മാസവും പലിശയിനത്തിൽ എത്ര സംഖ്യ കൊടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളു. ടി താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുക്കടം 30-11-2004 വരെ 40,191.37 കോടി രൂപയാണ്. 1-4-2001 മുതൽ 30-11-2004 വരെയുള്ള കാലയളവിലെ പൊതുക്കടത്തിന്റെ വർദ്ധനവ് 16,272 കോടി രൂപയായും കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനം കടം വാങ്ങിയിട്ടുണ്ട്.

(സി) 31-3-2001-ലെ പൊതുക്കടം 23,919 കോടി രൂപ ആയിരുന്നു. മുൻ കട ബാദ്ധ്യതകളും പുതിയതായി എടുത്തിട്ടുള്ള കടങ്ങളുടെ തിരിച്ചടവും ഉൾപ്പെടെ 2001-02 മുതൽ 2003-04 വരെ തിരിച്ചടച്ച തുക 25,962 കോടി രൂപയാണ്.

(ഡി) പൊതു വിപണിയിൽ നിന്നും 2001-02 മുതൽ 2003-04 വരെ മൊത്തം 4,134.64 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം ഇതേ കാലയളവിൽ 3241.63 കോടി രൂപ കടമായി ലഭിച്ചിട്ടുണ്ട്.

(ഇ) 2001-02 മുതൽ 30-11-2004 വരെ മൂലധന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുള്ള സംഖ്യ ഇപ്രകാരമാണ്:

വർഷം	*രൂപ കോടിയിൽ*
2001-2002 . .	558.36
2002-2003 . .	698.66
2003-2004 . .	639.70
30-11-2004 വരെ . .	224.75

30-11-2004 വരെയുള്ള കണക്കുകൾ എ.ജി.-യുടെ താൽക്കാലിക കണക്കു പ്രകാരമാണ്.

(എഫ്) വർദ്ധിച്ചുവരുന്ന പദ്ധതിച്ചെലവുകൾക്കായി കടമെടുത്തതും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത തീർക്കാനായി കടമെടുത്തതും മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർത്തതിനാലും വിദ്യാഭ്യാസ മേഖലയിൽ പുതിയതായി അധിക തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിച്ചതിനാലുണ്ടായ അധിക ചെലവിനാലും റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികത്തുന്നതിനുവേണ്ടി കടമെടുത്തതുമാണ് പൊതുക്കടം വർദ്ധിക്കുവാനുള്ള കാരണം. പദ്ധതിച്ചെലവ് വർദ്ധിച്ചുവരുന്നതിനാൽ പൊതുക്കടം കുറയ്ക്കാൻ സാധിക്കുന്നില്ല. എന്നാൽ പലിശ ബാദ്ധ്യത കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) 2003-04 സാമ്പത്തിക വർഷത്തിൽ ആകെ പലിശയിനത്തിൽ സംസ്ഥാനം ചെലവഴിച്ച തുക 3,328.30 കോടി രൂപയായി കണക്കാക്കപ്പെട്ടിരിക്കുന്നു.

സംസ്ഥാനത്തിന്റെ പൊതുക്കടം

14 [189] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2003-2004 സാമ്പത്തിക വർഷാവസാനവും 2004-2005 ജനുവരി 15-ാം തീയതി വരെയും സംസ്ഥാനത്തിന്റെ പൊതുക്കടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-01 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതു കടം 23,919 കോടി രൂപയായിരുന്നു.

(ബി) 2003-04 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തിന്റെ പൊതുക്കടം 37,452.23 കോടി രൂപയായിരുന്നു. 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്കുകൾ പ്രകാരം 30-11-2004 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

പുതുതായി ബാർ ലൈസൻസുകൾ നൽകാൻ നടപടി

15 [190] ശ്രീ. ഷിബു ബേബിജോൺ:
" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ ഉണ്ട്;

(ഡി) ഇവയുടെ ക്ലാസ് തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly